LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം

283 (1661) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗം നടക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വികസനകാര്യത്തിൽ വികേന്ദ്രീകൃത ആസൂത്രണവും പ്രവർത്തനവും നടത്തേണ്ട തദ്ദേശസ്ഥാനങ്ങൾ ഫണ്ട് ലഭ്യമായിട്ടും ഫലപ്രദമായി അത് വിനിയോഗിക്കാതിരിക്കുന്നതിന്റെ പശ്ചാത്തലം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിച്ച് ഫണ്ട് വിനിയോഗം ഫലപ്രദമായി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) (എ)-പിരിവിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ അപര്യാപ്തത

284 (1662) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ വികേന്ദ്രീകരണത്തിന്റെ ഫലമായി നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കാൻ നിലവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് സാധിക്കാൻ കഴിയാത്ത സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന എന്തെല്ലാം നടപടികളാണ് ശമ്പളകമ്മീഷൻ ശിപാർശ ചെയ്തിരുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ശിപാർശകളോടുള്ള സമീപനം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമ പഞ്ചായത്തുകളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കണമെന്ന് ഒൻപതാം ശമ്പള കമ്മീഷനും മേജർ ഗ്രാമപഞ്ചായത്തുകളിൽ സർക്കാർ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തി അത്തരം ഗ്രാമപഞ്ചായത്തുകളിൽ ജോലിഭാരം കൂടുതലാണെങ്കിൽ ഒരു അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൂടി അനുവദിക്കണമെന്ന് പത്താം ശമ്പള കമ്മീഷനും ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ഒൻപതാം ശമ്പള കമ്മീഷന്റെ ശിപാർശ അംഗീകരിച്ച് സർക്കാർ ഇക്കാര്യം സംബന്ധിച്ച് പഠനം നടത്തുന്നതിന് ഒരു രണ്ടംഗ സമിതിയെ നിയോഗിക്കുകയും സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 990 ക്ലാർക്ക് തസ്തികകളും 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പത്താം ശമ്പള കമ്മീഷന്റെ ശിപാർശകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നുംതന്നെ ഇപ്പോൾ പരിഗണനയിലില്ല.

വൃദ്ധജനങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾ

285 (1663) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി നടപ്പാക്കി വരുന്ന ക്ഷേമപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ വയോമിത്രം ഓഫീസ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) വൃദ്ധസദനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) വൃദ്ധസദനങ്ങളുടെ നടത്തിപ്പ്, സേവനങ്ങൾ, ഗ്രേനിലവാരം എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നും ഓരോ ജില്ലയിലും സ്വകാര്യ-സർക്കാർ മേഖലയിൽ എത്ര വൃദ്ധസദനങ്ങളുണ്ടെന്നും വ്യക്തമാക്കുമോ?

1436/2018.

LIBRARY ARCHIVES Kerala Legislative Assembly